**QP CODE**

**A4064**

**Enrollment Number: .................**

**Name: ....................................**

## BA/B.COM/BBA DEGREE EXAMINATIONS, DECEMBER 2024

**Second Semester**

**B21ML01LC – മലയാളസാഹിത്യം: കവിത- കഥ- ഉപന്യാസം- നോവൽ**

**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും പത്തു ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. 'കന്നിക്കൊയ്ത്ത് ' എഴുതിയതാര്?
2. ബാലമുരളി എന്നപേരിൽ പാട്ടെഴുതിയിരിക്കുന്ന കവിയാര്?
3. കടമ്മനിട്ട എന്ന കവിതയ്ക്ക് ആദ്യം നൽകിയ പേരെന്ത്?
4. കുരുക്ഷേത്രം എന്ന കവിത ആദ്യമായി പ്രസിദ്ധീകരിച്ച മാസിക ?
5. ബഷീറിന്റെ ആത്മകഥയുടെ പേര്?
6. മാധവിക്കുട്ടിയുടെ ഏതു കഥയാണ് ലെനിൻ രാജേന്ദ്രൻ 'മഴ' എന്ന സിനിമയാക്കിയത്?
7. വ്യഞ്ജിപ്പിക്കുന്നതാണ് കല എന്ന നിരീക്ഷണം ആരുടേതാണ് ?
8. പാപത്തറ എന്ന സമാഹാരത്തിന് അവതാരിക എഴുതിയതാര്?
9. രാജാങ്കണം ആരുടെ കൃതിയാണ്?
10. ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ എന്ന കൃതി എഴുതിയതാര്?
11. കവിതയും ശാസ്ത്രവും എന്ന കൃതിയുടെ കർത്താവാര്?
12. സത്യം നിങ്ങളെ സ്വതന്ത്രരാക്കും ആരുടെ കൃതിയാണ്?
13. അദൃശ്യവനങ്ങൾ എഴുതിയതാര്?
14. കൊച്ചരേത്തി എന്ന നോവൽ പ്രസിദ്ധീകരിച്ച വർഷം?
15. അഭയാർത്ഥികൾ ആരുടെ നോവലാണ്?

**(1X10=10)**

### സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം.**

16. ''മാവേലി വന്നെത്തുമോണ നാളേ
 ഭൂവിൽ നീ നീണാൾ ജയിക്ക ചാലേ "ഏതു കവിതയിലെ വരികളാണിത് ?
 വിശദീകരിക്കുക.

17. ശൈശവത്തിന്റെ ദൈന്യതകളെ എങ്ങനെയാണ് മധുസൂദനൻ നായർ അവതരിപ്പിച്ചിരിക്കുന്നത്?
18. ലോകം ചെറുതായിപ്പോകുന്നുവെന്ന് കവി പറയുന്നതെന്തുകൊണ്ട്?
19. വിശപ്പ് എന്ന ബിംബത്തെ ബഷീർ അവതരിപ്പിക്കുന്നത് എങ്ങനെയാണ്?
20. മരപ്പാവകൾ എന്ന കഥയുടെ രചനാപരമായ സവിശേഷതകൾ എന്തെല്ലാം?
21. വെള്ളപ്പൊക്കത്തിൽ അകപ്പെട്ടു പോയ നായയുടെ നിസ്സഹായാവസ്ഥ തകഴി ശിവശങ്കരപ്പിള്ള ആവിഷ്ക്കരിച്ചിരിക്കുന്നത് എപ്രകാരമാണ്?
22. കാളിദാസനും കാലത്തിന്റെ ദാസൻ എന്ന തലക്കെട്ട് ലേഖനത്തിന് എത്രമാത്രം യോജിക്കുന്നുണ്ട് ? വിലയിരുത്തുക.
23. ശ്രീ നാരായണ ഗുരുവിന്റെ ചിന്തയിലെ ഭാവി പദ്ധതിയെക്കുറിച്ച് കെ. പി. അപ്പൻ അഭിപ്രായപ്പെടുന്നതെന്ത്?
24. സൈന്യത്തിനുള്ളിലെ സാംസ്കാരിക വൈവിധ്യത്തെ എ മൈനസ് ബി യിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്?
25. രമണി എന്ന കഥാപാത്രത്തിന്റെ അന്ത:സംഘർഷങ്ങൾ ഒരു വഴിയും കുറേ നിഴലുകളും എന്ന നോവലിൽ എങ്ങനെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ചു മാർക്ക് വീതം.**

26. നഷ്ടമാകാത്ത മനുഷ്യത്വത്തിന്റെ ഓർമ്മപ്പെടുത്തലാണോ മനുഷ്യപുത്രി എന്ന കഥ. വിലയിരുത്തുക.
27. പുതുതലമുറയുടെ പ്രതിബദ്ധതയില്ലായ്മ 'മകൻ' എന്ന കഥയിൽ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?
28. കേരളത്തിനു സംഭവിച്ച സാംസ്കാരിക അപചയത്തെക്കുറിച്ച് അയ്യപ്പപ്പണിക്കർ പറയുന്നതെന്തെല്ലാം?
29. ഒറ്റപ്പെടുന്ന വ്യക്തിയുടെ ആത്മസംഘർഷങ്ങൾ ഭീരു എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്? വിശദീകരിക്കുക.
30. അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതത്തെ എസ്. ജോസഫ് ആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെയാണ് ?
31. ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ എന്ന് കവി പറയുന്നതെന്തുകൊണ്ട്?
32. സത്യസൗന്ദര്യങ്ങൾ തമ്മിലുള്ള ബന്ധത്തെ മാരാർ വിശകലനം ചെയ്യുന്നത് എങ്ങനെയാണ്?
33. അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തളയെക്കുറിച്ചുള്ള ജോസഫ് മുണ്ടശ്ശേരിയുടെ വിമർശനമെന്ത്?
34. കോട്ടയം കൃതികളുടെ പ്രത്യേകതകൾ എന്തെല്ലാം?
35. മലബാറിന്റെ രാഷ്ട്രീയ സാമൂഹിക ചരിത്രത്തെ ജനകഥ എന്ന നോവലിൽ എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നു?

**QP CODE**

**A4064**

36. കീഴാള ജീവിത പരിസരങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന നോവലാണോ കൊച്ചരേത്തി? വിശദമാക്കുക.
37. കേസരി ബാലകൃഷ്ണപിള്ളയെ വി.സി. ശ്രീജൻ വിലയിരുത്തുന്നതെങ്ങനെ?

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്തു മാർക്ക് വീതം**

38. അധികാരവും മനുഷ്യാവസ്ഥയും തമ്മിലുള്ള സംഘർഷം മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവൽ ചർച്ച ചെയ്യുന്നതെങ്ങനെ? പരിശോധിക്കുക.
39. ലിയനാർഡോ ഡാവിഞ്ചിയെക്കുറിച്ചും യുങിയൻ ആദിപ്രരൂപ നിരൂപണത്തെക്കുറിച്ചും ഡോ. എം. ലീലാവതി വ്യക്തമാക്കുന്നതെന്തെല്ലാം?
40. പെണ്ണു പൂക്കുന്ന നാടിനെക്കുറിച്ചുള്ള പ്രതീക്ഷ, പാപത്തറ എന്ന കഥയിൽ ചർച്ച ചെയ്യുന്നതെങ്ങനെ?
41. ശാസ്ത്രത്തിന്റെ പുരോഗതിയേയും മനുഷ്യന്റെ വീരചരിത്രത്തെയും വയലാർ എപ്രകാരമാണ് നോക്കിക്കാണുന്നത് ?പരിശോധിക്കുക.

**(10X2=20)**